(1)	(2)	(3)
19	കർഷക പെൻഷൻ	179.17
20	അഗ്രോ സർവ്വീസ് സെന്റർ	2.53
21	മണ്ണിന്റെ ആരോഗ്യപരിപാലനം	2.19
22	വിള ആരോഗ്യ പരിപാലനം	5.29
23	സുഗന്ധവ്യഞ്ജനകൃഷി വികസനം	1.6
24	സംയോജിക കൃഷിത്തോട്ടം	5
25	ബയോഗ്യാസ്-സ്ലൂകളിൽ	4.68
26	സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ	78.93
27	ആത്മ	13.32
28	ഓണാട്ടുകര വികസന ഏജൻസി പദ്ധതികൾ	53.27
29	13-ാം ധനകാര്യ കമ്മീഷൻ അവാർഡ്	26.99
30	പച്ചക്കറി വികസന പദ്ധതി	119.52
	ആകെ	1100.39

ജൈവകൃഷിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ

198 (1568) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിൽ എത്ര ഹെക്ടർ പ്രദേശത്ത് ജൈവകൃഷി നടത്തുന്നുണ്ടെന്നറിയിക്കുമോ ;

(ബി) ജൈവകൃഷി സംബന്ധിച്ച് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോയെന്ന വെളിപ്പെടുത്തുമോ ;

(സി) കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കർഷകർക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി നൽകുന്നതിനും പദ്ധതി ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ 16,000 (പതിനാറായിരം) ഹെക്ടർ പ്രദേശത്ത് ജൈവകൃഷി നടത്തുന്നുണ്ട്.

(ബി) ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് പഞ്ചായത്തുതല ബോധവത്കരണ ക്യാമ്പയിനുകൾ ജില്ലാതല വർക്ക്ഷോപ്പ്, സെമിനാർ എന്നിവ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നടത്തുകയുണ്ടായി. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ (ആർ.എ.റ്റി.റ്റി.സി) വഴി നടത്തുന്ന ഉദ്യോഗസ്ഥ പരിശീലനങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് ജൈവ കൃഷിയെക്കുറിച്ച് പരിശീലനം നൽകി വരുന്നു.

(സി) കർഷകർക്ക് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ "ലീഡ്സ്" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന മറ്റ് ജില്ലകളിൽ കാർഷിക, വിജ്ഞാന വ്യാപനത്തിനായി "ആത്മ" പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൃഷിഭവനുകൾ വഴിയുള്ള പച്ചത്തേങ്ങാ സംഭരണം

199 (1569) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്നതിന് കർഷകർക്ക് എന്ത് വില നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര തേങ്ങ ഇങ്ങനെ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട് ; ഏതെല്ലാം കൃഷി ഭവനുകളിലാണ് സംഭരണം നടന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 1-1-2013 മുതൽ പച്ചത്തേങ്ങ സംഭരണ പദ്ധതി ആരംഭിക്കുകയും കർഷകർക്ക് 12 രൂപയിൽനിന്നും 32 രൂപ വരെ ഒരു കിലോ പച്ചത്തേങ്ങയ്ക്ക് വില ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സംഭരണ വില കിലോയ്ക്ക് 28 രൂപയാണ്.

(ബി) 51500 ടൺ പച്ചത്തേങ്ങ ഈ കാലയളവിൽ സംഭരിച്ചിട്ടുണ്ട്. കൃഷി ഭവനുകളുടെ പട്ടിക അനുബന്ധത്തിൽ കാണാവുന്നതാണ്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly